

# വാർത്തകളും കുറിപ്പുകളും

**ആദരാഞ്ജലികൾ**

ആഗോള കത്തോലിക്കാ സഭയുടെ തലവനായിരുന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ നിര്യാണത്തിൽ സഭയുടെ ദുഃഖവും ആദരാഞ്ജലികളും അർപ്പിക്കുന്നു.

പ്രകൃതി ഭംഗിയാൽ, ഭൂമിയിലെ സ്വർഗം എന്ന് വിശേഷിപ്പിക്കുന്ന ജമ്മുകാശ്മീരിലെ, ലോകോത്തര വിനോദ സഞ്ചാര കേന്ദ്രമായ പഹൽഗാമിൽ, ഭീകരാക്രമണത്തിൽ പൊലിഞ്ഞ മുപ്പതോളം ജീവനുകൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. മനുഷ്യ നന്മ ആഗ്രഹിക്കുന്ന ഏവരും ഭീകരപ്രവർത്തനങ്ങൾക്കെതിരെ അണിനിരക്കേണ്ട സമയമാണിത്.

**1. വിശുദ്ധ വാരാചരണം**

പതിവുപോലെ വിശുദ്ധ വാരം, തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ കഷ്ടാനുഭവ ധ്യാനയോഗങ്ങൾ നടത്തപ്പെട്ടു. പെസഹാ വ്യാഴവും, ദുഃഖ വെള്ളിയാഴ്ചയും, ഉയിർപ്പു ഞായറാഴ്ചയും പതിവ് ആരാധനകൾ നടത്തുകയുണ്ടായി. ദുഃഖ വെള്ളി മലയാളം ആരാധനക്ക് ശേഷം ഉച്ചഭക്ഷണം (കഞ്ഞി) നൽകുകയുണ്ടായി. കൺവീനർമാരായി പ്രവർത്തിച്ച സ/ശ്രീ പി ജെ കോശി, സുബിൻ,എബി എന്നിവർക്കുള്ള നന്ദി അറിയിക്കുന്നു.

**2. കഷ്ടാനുഭവ ഗാനസന്ധ്യ**

19-4-25 ദുഃഖ ശനിയാഴ്ച വൈകിട്ട് 6 മണിക്ക് സഭയിലെ വിവിധ സംഘടനകളുടെ പങ്കാളിത്തത്തോടെ പള്ളിയിൽ വച്ച് കഷ്ടാനുഭവ ഗാനസന്ധ്യ നടത്തപ്പെട്ടു. റവ. അലക്സ് പി ഉമ്മൻ അധ്യക്ഷനായിരുന്നു. റവ. ബിനോ ജേക്കബ് സന്ദേശം നൽകി. മനോഹരമായി കഷ്ടാനുഭവ ഗാനങ്ങൾ ആലപിച്ച എല്ലാ സംഘടനകൾക്കും നന്ദി അറിയിക്കുന്നു.

**3. യാത്രയയപ്പ്**

കോയമ്പത്തൂർ ഇടവകയിലേക്കു സ്ഥലം മാറ്റം ലഭിച്ച ബിനോ അച്ചനും കൊച്ചമ്മക്കും മെയ് 11 ഞായറാഴ്ച മലയാളം ആരാധനക്ക് ശേഷം സമുചിതമായ ഒരു യാത്രയയപ്പ് നൽകുന്നതാണ്. പുതിയ

സ്ഥലത്തേക്ക് കടന്നു പോകുന്ന അച്ചനും കൊച്ചമ്മക്കും സഭയുടെ എല്ലാ ഭാവുകങ്ങളും നേരുന്നു.

**4. സംഘടനാ വാർഷിക റിപ്പോർട്ട് 2024-2025**

വാർഷിക റിപ്പോർട്ട് ഇതുവരെയും നല്കിയിട്ടില്ലാത്ത സംഘടനകൾ ഉടനെ നൽകേണ്ടതാണ് എന്ന് ഓർമിപ്പിക്കുന്നു.

**5. വർജ്ജന സ്തോത്രകാഴ്ച**

നോമ്പുകാല വർജ്ജന സ്തോത്രകാഴ്ചയിൽ സഭാജനങ്ങൾ സജീവമായി സഹകരിച്ചു-നന്ദി. സ്ത്രോത്രകാഴ്ചയായി ലഭിച്ച അരിയും, സമാഹരിച്ച തുകയും അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതാണ്.

**6. വി.ബി.എസ് 2025**

ഈ വർഷത്തെ വി.ബി. എസ്. 1-4-25 മുതൽ 10-4-25 വരെയുള്ള ദിവസങ്ങളിൽ സെന്റിനറി ഹാളിൽ വച്ച് പൂർവാധികം ഭംഗിയായി നടത്തപ്പെട്ടു. 6-4-25 വി.ബി.എസ്. ഞായറായി ആചരിച്ചു. സംഘാടകർക്കു അഭിനന്ദനങ്ങൾ!!!

മെയ് 1 ലോക തൊഴിലാളി ദിനമായി ആചരിച്ചുവല്ലോ. അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന ക്രിസ്തുവചനം അധ്വാനത്തെ വിലപ്പെട്ടതായി കണ്ടുകൊണ്ട്, അധ്വാനിക്കുന്നവരെ പരിപാലിക്കേണ്ടതിന്റെയും, തൊഴിലാളികളോട് നീതിയും ന്യായവും അനുകമ്പയും കാണിക്കേണ്ടതിന്റെയും ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നു. ഒരു സാധാരണ തൊഴിലാളി(തച്ചൻ)യായുള്ള തുടക്കം, തൊഴിലാളികൾക്ക് നൽകേണ്ട ന്യായമായ വേതനവും, തൊഴിലാളിയുടെ മൂല്യവും, ദൈവത്തിന്റെ ഔദാര്യവുമൊക്കെ പരാമർശിച്ചുകൊണ്ടുള്ള ഉപമകളും പഠിപ്പിക്കലുകളും, പാർശ്വവത്കരിക്കപ്പെട്ടവരെയും ദുർബലരെയും, പാവപ്പെട്ടവരെയും പരിപാലിക്കാനുള്ള ആഹ്വാനം, ഇവയെല്ലാം ഉറപ്പാക്കേണ്ടത് ക്രിസ്തീയ ഉത്തരവാദിത്വമാണെന്ന് മനസിലാക്കിത്തരുന്ന ദൈവത്തോട് ചേർന്ന് നിന്ന് പ്രവർത്തിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരെയും ശാക്തീകരിക്കട്ടെ എന്നാശംസിച്ചുകൊണ്ട്, പ്രാർത്ഥനാഭിവാദ്യങ്ങളൊടെ,

**സജി സാം ജോർജ്**

സെക്രട്ടറി